## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 657 | 08/08/2017-ൽ മറുപടിയ്ക്ക്

## സഹകരണമേഖലയെ സംരക്ഷിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.മുരളീധരൻ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. വി.ടി.ബൽറാം | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | നോട്ട് നിരോധനത്തെ തുടർന്ന് സഹകരണമേഖലയെ ശക്തിപ്പെടുത്താനും സംരക്ഷിക്കാനും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സഹകരണ മേഖലയോടുള്ള സമീപനം തിരുത്തണമെന്ന് പ്രത്യേക നിയമസഭാ സമ്മേളനം ചേർന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും സർവ്വകക്ഷി നിവേദക സംഘത്തെ കേന്ദ്രത്തിലേക്ക് അയയ്ക്കുന്നതിന് തീരുമാനിക്കുകയും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെൻട്രൽ ബാങ്ക് കോൺഫറൻസ് ചേർന്ന് സഹകരണ മേഖലയിൽ സ്വീകരിക്കേണ്ട നടപടികൾ തീരുമാനിക്കുകയും ചെയ്തു. നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും, സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. |

| | | | |
|---|---|---|---|
| (ബി) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തവർക്കും ജപ്തി നടപടികൾ നേരിട്ടവർക്കും എന്തെല്ലാം ആശ്വാസമാണ് നൽകിയതെന്ന് വിവരിക്കുമോ; | (ബി) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തവർക്കും ജപ്തിനടപടികൾ നേരിട്ടവർക്കും ആശ്വാസം നൽകുന്നതിനായി 2017 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ "നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി" എന്ന പേരിൽ വായ്പ എടുത്തവർക്ക് ഇളവ് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ നോട്ട് നിരോധനം മുഖേന സഹകരണ ബാങ്കിംഗ് മേഖലയിൽ ഉണ്ടായ പ്രായോഗിക തടസ്സം പരിഹരിക്കുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിർബന്ധിത ജപ്തി നടപടികൾക്ക് 31.03.2017 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. |
| (സി) | വായ്പകളുടെ പരിധി ഉയർത്തുന്നതിനും വായ്പകൾ നൽകുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദീകരിക്കുമോ? | (സി) | സഹകരണ മേഖലയുടെ വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനായി വിവിധ തരം വായ്പകളുടെ പരിധി വർദ്ധിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ 11/01/2017 ൽ 6/17 നമ്പർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ